(ബി) പ്രസ്തുത ഭൂമി 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയിൽ നിന്നും ഒഴിവാക്കി സാംസ്കാരിക വകുപ്പിന്റെപേരിൽ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പാറക്കടവ് വില്ലേജ് ബി1-6 സർവ്വേ 140/12-ൽ 11.53 ആർ വസ്തു ബോട്ട് ഇൻ ലാന്റായി ഏറ്റെടുത്തിട്ടുള്ളതും ടി വസ്തു ആലുവ അഡീഷണൽ തഹസിൽദാരുടെ 30-3-2001-ലെ ഡി 4-531/01 നമ്പർ ഉത്തരവ് പ്രകാരം 140/19-ൽ 08.61 ആർ ആയി സബ്ഡിവിഷൻ ചെയ്ത് പുറമ്പോക്കാക്കി മാറ്റിയിട്ടുള്ളതാണ്. 140/12-ൽ 0.92 ആർ ബോട്ട് ഇൻ വാന്റ് വസ്തുവുമാണ്.

(ബി) ട്രാൻസ്ഫർ ഓഫ് ലാന്റായി ബന്ധപ്പെട്ട് ടി ഭൂമി 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. സാംസ്കാരിക വകുപ്പിന്റെ അഭിപ്രായപത്രം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

സർവ്വേ വകുപ്പിന്റെ ശാക്തീകരണം

202 (7173) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് വനം വന്യജീവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സർവ്വേ വകുപ്പ് ശാക്തീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

സർവ്വേ വകുപ്പ് ശാക്തീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. വകുപ്പിലെ രേഖകൾ പ്രിസർവ് ചെയ്തും ഡിജിറ്റൈസ് ചെയ്തും സൂക്ഷിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. സർവ്വേ രേഖകൾ ഓൺലൈനായി ലഭ്യമാക്കുന്നതിനും ഇ-റെജിസ്ട്രേഷൻസ്വഴി ടി രേഖകൾ പൊതുജനങ്ങൾക്ക് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. എല്ലാ ജില്ലാ ഓഫീസുകളിലും ഡിജിറ്റൈസേഷൻ സെന്ററുകളും കോമൺ റിക്കാർഡ് റൂമുകളും സജ്ജമാക്കുന്നതിനുള്ള പ്രവർത്തനവും അന്തിമ ഘട്ടത്തിലാണ്. സർവ്വേ വകുപ്പിന് കീഴിൽ മോഡേൺ സർവ്വേ ട്രെയിനിംഗ് നൽകുന്നതിനുള്ള പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനവും ഉടൻ ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly